(സി) എങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുവാനാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) കേരളത്തിന്റെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ എത്തുന്നതും ആലപ്പുഴ ജില്ലയേക്കാൾ വിസ്തൃതിയുള്ളതുമായ റാന്നിയിൽ ഒരു റവന്യൂ ഡിവിഷൻ ആരംഭിക്കുമോ;

(ഇ) അറുപത് ചതുരശ്രമൈൽ വിസ്തൃതിയുള്ള ചിറ്റാർ വില്ലേജ് വിഭജിച്ച് സീതത്തോട് പഞ്ചായത്ത് അതിർത്തി അടിസ്ഥാനമാക്കി സീതത്തോട് വില്ലേജ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച് ഡോ. ബാബു പോളിനെയും ശ്രീ. എം.ജി.കെ. മൂർത്തിയെയും കമ്മിഷനായി നിയമിച്ചിരുന്നു. രണ്ടുപേരും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിഗണനയിലാണ്. റവന്യൂ പുനഃസംഘടന സംബന്ധിച്ച് കഴിവതുംവേഗം ഒരു തീരുമാനം കൈക്കൊള്ളുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) ഇക്കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കഴിവതും വേഗം കൈക്കൊള്ളുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

310 (1492) **പുതിയ താലൂക്കുകളും റവന്യൂ ഡിവിഷൻ ഓഫീസുകളും വില്ലേജ് ഓഫീസുകളും രൂപീകരിക്കുന്നതിന് നടപടി**

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകളും റവന്യൂ ഡിവിഷൻ ഓഫീസുകളും വില്ലേജ് ഓഫീസുകളും രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂയൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നകാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

(ബി) ഇതു സംബന്ധിച്ച് ഡോ. ബാബു പോളിനെയും ശ്രീ. എം.ജി. കെ. മൂർത്തിയെയും കമ്മിഷനായി നിയമിച്ചിരുന്നു. രണ്ടുപേരും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

311 (1493) **വടക്കാഞ്ചേരിയിൽ റവന്യൂ ടവർ**

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly